**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3352</u>** **<u>13-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>തുറമുഖ വികസന പ്രവർത്തനങ്ങൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചെറുകിട തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ബേപ്പൂർ, അഴീക്കൽ, കൊല്ലം തുറമുഖങ്ങളിൽ കപ്പലുകൾ അടുക്കുന്നതിനും ചരക്ക് നീക്കത്തിനും ആവശ്യമായ ക്രെയിനുകൾ, ടഗ്ഗുകൾ, ബർത്ത് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ കസ്റ്റംസ് ഇ.ഡി.ഐ. ഫെസിലിറ്റി സ്ഥാപിക്കുന്ന പ്രവർത്തികൾ അവസാന ഘട്ടത്തിലാണ്. അഴീക്കൽ,ബേപ്പൂർ തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് DPR തയ്യാറാക്കിയിട്ടുണ്ട്. 4 കോടി രൂപ ചെലവിൽ ധ്വനി, മിത്ര എന്നീ രണ്ട് പുതിയ ടഗ്ഗുകൾ വാങ്ങി. വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ ഐ.എസ്.പി.എസ്. കോഡ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. കോസ്റ്റൽ ഷിപ്പിംഗ് സർവീസ് ഭാവിയിൽ കൊല്ലത്തുനിന്നും തൂത്തുക്കുടി, മാലി തുറമുഖങ്ങളുമായി ബന്ധപ്പെട്ട് ചരക്കുനീക്കം ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആലോചിച്ചു വരികയാണ്. ബേപ്പൂർ- പൊന്നാനി, കൊല്ലം-കന്യാകുമാരി എന്നിവിടങ്ങളിലേക്ക് പാസഞ്ചർ കപ്പൽ സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കുന്നുണ്ട്. ആലപ്പുഴ തുറമുഖ ഗോഡൗൺ പൈതൃക മ്യൂസിയമായി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വിനോദസഞ്ചാര വികസനത്തിലും ചരക്ക് നീക്കത്തിലും നിർണായക പങ്കുവഹിക്കാൻ കഴിയുന്ന വിധം സംസ്ഥാനത്തെ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കപ്പൽ സർവ്വീസ് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | ബേപ്പൂർ, അഴീക്കൽ, കൊല്ലം തുറമുഖങ്ങളിൽ കപ്പലുകൾ അടുക്കുന്നതിനും ചരക്ക് നീക്കത്തിനും ആവശ്യമായ ക്രെയിനുകൾ, ടഗ്ഗുകൾ, ബർത്ത് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ കസ്റ്റംസ് ഇ.ഡി.ഐ. ഫെസിലിറ്റി സ്ഥാപിക്കുന്ന പ്രവർത്തികൾ അവസാന ഘട്ടത്തിലാണ്. അഴീക്കൽ,ബേപ്പൂർ തുറമുഖങ്ങളുടെ |

| | | | |
|---|---|---|---|
| | | | ആഴം വർദ്ധിപ്പിക്കുന്നതിന് DPR തയ്യാറാക്കിയിട്ടുണ്ട്. 4 കോടി രൂപ ചെലവിൽ ധ്വനി, മിത്ര എന്നീ രണ്ട് പുതിയ ടഗ്ഗുകൾ വാങ്ങി. വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ ഐ.എസ്.പി.എസ്. കോഡ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. കോസ്റ്റൽ ഷിപ്പിംഗ് സർവീസ് ഭാവിയിൽ കൊല്ലത്തുനിന്നും ത്തുക്കുടി, മാലി തുറമുഖങ്ങളുമായി ബന്ധപ്പെട്ട് ചരക്കുനീക്കം ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആലോചിച്ചു വരികയാണ്. ബേപ്പൂർ- പൊന്നാനി, കൊല്ലം-കന്യാകുമാരി എന്നിവിടങ്ങളിലേക്ക് പാസഞ്ചർ കപ്പൽ സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കുന്നുണ്ട്. ആലപ്പുഴ തുറമുഖ ഗോഡൗൺ പൈതൃക മ്യൂസിയമായി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ചെറുകിട, ഇടത്തരം തുറമുഖങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്തി കണ്ടെയ്നർ സർവ്വീസ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുടങ്ങിയ ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ചു കൊണ്ടുള്ള കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി സർക്കാർ ആരംഭിച്ചു. കപ്പൽ കമ്പനികൾക്ക് പ്രത്യേക ഇൻസെന്റീവ് പാക്കേജ് പ്രഖ്യാപിച്ചു. റിട്ടേൺ കാർഗോയുടെ അഭാവത്തിൽ കേരളത്തിൽ കോസ്റ്റൽ സർവ്വീസ് നടത്തുന്നത് ലാഭകരമല്ല എന്ന നിലപാടിലാണ് കപ്പൽ കമ്പനികൾ. |
| (ഡി) | ഭാരത് മാല പരിയോജന പദ്ധതിയിലൂടെ റോഡ് മാർഗ്ഗം വിവിധ തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള പദ്ധതി പുരോഗമിക്കുന്ന സാഹചര്യത്തിൽ തുറമുഖങ്ങളുടെ വികസന പ്രവർത്തനങ്ങളുടെ വേഗം കൂട്ടുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഭാരത് മാലാ പരിയോജന പദ്ധതിയിൽ ഉൾപ്പെടുത്തി അഴീക്കൽ, ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിലേക്കുള്ള കണക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇവിടങ്ങളിൽ കണ്ടെയ്നർ ഓപ്പറേഷൻ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി വരികയാണ്. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാവുന്നതോടെ ചെറുകിട തുറമുഖങ്ങളിൽ കൂടുതൽ വികസന സാധ്യത തെളിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ